(എ) മൽസ്യബന്ധന ഉപകരണങ്ങൾ നശിച്ചവർക്ക് സഹായ ധനം നൽകുന്ന പദ്ധതിപ്രകാരമുള്ള സഹായധന വിതരണത്തിൽ അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികളിൻമേൽ ഫിഷറീസ് ഡയറക്ടർ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്..

വർഷകാലത്ത് മൽസ്യബന്ധനം നടത്തുന്നവരെ അപകട ത്തിൽനിന്ന് രക്ഷിക്കുവാൻ നടപടി

790 [957] ശ്രീ. പി. മോസ്കരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷകാലത്ത് ആഴക്കടലിൽ മൽസ്യബന്ധനം നടത്തുന്നവരെ അപകടത്തിൽനിന്ന് രക്ഷിക്കുവാൻ വല്ല പദ്ധതിയും ഉണ്ടോ;

(ബി) കണ്ണൂരിൽ എല്ലാ മഴക്കാലത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ ദുരന്തത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10-1-1984-ലെ ഗവൺമെൻറ് ഓർഡർ (എം.എസ്.) നമ്പർ 2/84/റവ എഫ് ആൻറ് പി.സി. പ്രകാരം രക്ഷാപ്രവർത്തന ത്തിന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള ചുമതല കോഴിക്കോട് പോർട്ടാഫീസർക്കാണ്. അദ്ദേഹത്തിൻെറ കീഴിൽ ബേപ്പൂരിൽ കിടക്കുന്ന ടഗ്ഗുകളാണ് കണ്ണൂരിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നത്. കടൽക്ഷോഭം കുറവായുള്ള സന്ദർഭങ്ങളിൽ ഫിഷറീസ് ഡിപ്പാർട്ടുമെൻറ് വകയായി കണ്ണൂരിലുള്ള ഒരു ബോട്ട് രക്ഷാനടപടികൾ സ്വീകരിക്കും. രക്ഷാപ്രവർത്തന പദ്ധതി പ്രകാരം മറ്റ് നടപടികളും ആവശ്യമുള്ളപ്പോൾ അതും സ്വീകരിച്ച് നടപ്പാക്കുന്നതാകുന്നു.

ഫിഷ്ലാൻറിംഗ് സെൻറർ

791 [958] ശ്രീ. എ. വി .താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യ ങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫിഷ്ലാൻറിംഗ് സെൻറർ ആണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) മാരാരിക്കുളത്ത് ഒരു ഫിഷ്ലാൻറിംഗ് സെൻറർ നിർമ്മി ക്കുന്ന കാര്യം പരിഗണിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly